വ്യാജ സ്പിരിറ്റ്വേട്ട കേസുകളും പിടിച്ചെടുക്കുന്ന സ്പിരിറ്റിന്റെ വേവരും

110 [2830] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ സ്പിരിറ്റുവേട്ടയിൽ 2004 ജനുവരി 1 മുതൽ നാളിതുവരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം വേട്ടയിലൂടെ എത്ര ലിറ്റർ സ്പിരിറ്റ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഒന്നിലധികം കേസ്സുകളിൽ പ്രതിയായിട്ടുള്ള സ്പിരിറ്റ് കടത്തുകാരുടെ അംഗസംഖ്യ വെളിപ്പെടുത്താമോ;

(ഡി) പിടിച്ചെടുക്കപ്പെടുന്ന സ്പിരിറ്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം അത് ഡിസ്റ്റിലറികൾക്ക് പരസ്യലേലത്തിൽ കൂടി വില്ക്കുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളുമോ;

(ഇ) ഈ വർഷം പിടിച്ചെടുക്കപ്പെട്ട ഗുണനിലവാരമുള്ള സ്പിരിറ്റ് പരസ്യ ലേലത്തിൽ വിറ്റഴിക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന അധിക വരുമാനം എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വ്യാജ സ്പിരിറ്റുവേട്ടയിൽ 2004 ജനുവരി 1 മുതൽ നാളിതുവരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

| *ജില്ല* | *കേസ്സുകളുടെ എണ്ണം* |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 22 |
| കൊല്ലം | 10 |
| പത്തനംതിട്ട | 21 |
| ആലപ്പുഴ | 18 |
| കോട്ടയം | 3 |
| എറണാകുളം | 1 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| പാലക്കാട് | 9 |
| തൃശ്ശൂർ | 3 |
| മലപ്പുറം | 1 |
| വയനാട് | 8 |
| ആകെ | 96 |

മറ്റു ജില്ലകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) 87202 ലിറ്റർ.

(സി) എട്ട്.

(ഡി) പിടിച്ചെടുക്കപ്പെടുന്ന സ്പിരിറ്റ് ലിറ്ററിന് 10 രൂപ നിരക്കിൽ പൊതുമേഖല ഡിസ്റ്റിലറികൾക്ക് വിൽക്കുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഇ ആന്റ് എഫ്) ഈ വർഷം പിടിച്ചെടുക്കപ്പെട്ട സ്പിരിറ്റ് വിൽക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിലുള്ള അധിക വരുമാനം കണക്കാക്കപ്പെട്ടിട്ടില്ല.

## എക്സൈസ് ഗാർഡ് നിയമനം

111 [2831] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഗാർഡ് നിയമനത്തിന് പി. എസ്. സി. ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ കിട്ടി നിയമനം ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ സംസ്ഥാനത്താകെയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ഉടൻ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ആലപ്പുഴ എക്സൈസ് ഡിവിഷനിൽ ഒഴികെ സംസ്ഥാനത്തെ മറ്റൊരു ജില്ലയിലും പി. എസ്. സി. അഡ്വൈസ് മെമ്മോ കിട്ടി നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ ഇല്ല. ടി എക്സൈസ് ഡിവിഷനിൽ 3 (മൂന്ന്) എക്സൈസ് ഗാർഡുമാർക്ക് നിയമന ഉത്തരവ് നൽകാനുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly